## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 190 27-06-2011 -ൽ മറുപടിക്ക്.

### സ്പിരിറ്റ് കള്ളക്കടത്ത് തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ. കെ. ബാബു (എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ തമിഴ്നാടിനോട് ചേർന്ന് കിടക്കുന്ന ഗോവിന്ദാപുരം വഴി അനധികൃതമായി സ്പിരിറ്റ് കടത്തിക്കൊണ്ടു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇത് തടയുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | അനധികൃതമായി സ്പിരിറ്റ് കടത്തുന്നത് തടയുന്നതിനായി, ഗോവിന്ദാപുരം ഭാഗത്ത്, 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ബോർഡർ പട്രോളിംഗ് യൂണിറ്റ് നിലവിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ, ചിറ്റൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെയും, കൊല്ലങ്കോട് എക്സൈസ് ഇൻസ്പെക്ടറുടെയും നേതൃത്വത്തിൽ ഈ പ്രദേശത്ത് കർശന വാഹന പരിശോധന നടത്തി വരുന്നുണ്ട്. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് അനധികൃത സ്പിരിറ്റ് കടത്തുന്നത് തടയുന്നതിന് സ്വീകരിച്ചിരുന്ന നടപടി തുടരാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | നടപടികൾ തുടരാനും കൂടുതൽ കർക്കശമാക്കാനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ